**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** **21-06-2024 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആക്രമണകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ABC പ്രോഗ്രാമും വാക്സിനേഷൻ പ്രോഗ്രാമും നടപ്പിലാക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആക്രമണകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് ABC കേന്ദ്രങ്ങൾ, ഷെൽട്ടറുകൾ എന്നിവ ഒരുക്കുന്നതിനെതിരായി ശക്തമായ എതിർപ്പാണ് പ്രധാന തടസ്സമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടി കാണിക്കുന്നത്. |
| (ബി) | തെരുവുനായ്ക്കളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി എ.ബി.സി പ്രവർത്തനം നടത്തി വരുന്നു. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകി വരുന്നു. നിലവിൽ സംസ്ഥാനത്ത് 15 എ.ബി.സി കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. പുതിയ 9 കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടികൾ നടന്നു വരുന്നു.<br><br>എ.ബി.സി പ്രോഗ്രാമിന് പദ്ധതി തുക വകയിരുത്തി ജില്ലാ പഞ്ചായത്തിനു കൈമാറുന്നു. തദ്ദേശ സ്ഥാപനത്തിൽ നിന്ന് വിവരം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ എ.ബി.സി കേന്ദ്രത്തിൽ വന്ധ്യംകരണം നടത്തി വരുന്നു. കണ്ണൂർ ഒഴികെയുള്ള കോർപ്പറേഷനുകളിലും വന്ധ്യംകരണം നടത്തി വരുന്നു. |
| (സി) | തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ജസ്റ്റിസ് സിരി ജഗൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവിൻ പ്രകാരമുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.<br><br>2023 - 24 വർഷങ്ങളിൽ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സർക്കാരിന്റെ 29.03.2023 ലെ ജി.ഒ (ആർ.റ്റി) 746/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 80 വ്യക്തികൾക്കായി 87,47,857/- രൂപയും പലിശയിനത്തിൽ 31,78,227/- രൂപയും ഉൾപ്പെടെ ആകെ 1,19,26,084/- രൂപ നൽകിയിട്ടുണ്ട്.<br><br>24.01.2023 ലെ ജി.ഒ (ആർ.റ്റി) 203/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 123 വ്യക്തികൾക്കായി 87,51,458/- രൂപയും പലിശയിനത്തിൽ 23,47,032/- രൂപയും ഉൾപ്പെടെ ആകെ 1,10,98,490/- രൂപ നൽകിയിട്ടുണ്ട്.<br><br>22.02.2024 ലെ ജി.ഒ (ആർ.റ്റി) 425/2024/LSGD നമ്പർ ഉത്തരവ് പ്രകാരം 31 വ്യക്തികൾക്കായി 39,39,858/- രൂപയും പലിശയിനത്തിൽ 6,12,552/- രൂപയും ഉൾപ്പെടെ ആകെ 45,52,410/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | തെരുവുനായ്ക്കളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | തെരുവുനായകളുടെ ആക്രമണം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചും എന്നാൽ ജനങ്ങൾക്ക് മൃഗങ്ങളോടുള്ള ക്രൂരത തടയുക എന്നുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും ടി വിഷയത്തിൽ ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് സാധ്യമായ എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുള്ളതാണ്.<br><br>പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ